(സി) ഫയർമാൻ ട്രെയിനികൾക്ക് പുതുക്കിയ സ്റ്റൈപ്പന്റ് നിഷേധിക്കുകയും അതേ സ്കെയിലിലുള്ള പോലീസ് ട്രെയിനികൾക്ക് സ്റ്റൈപ്പന്റ് വർദ്ധിപ്പിച്ച് നൽകുകയും ചെയ്യുന്നതിനുള്ള അനോമലി പരിഹരിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ),(ബി)&(സി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

102 (1462) പതിനൊന്നാം ധനകാര്യ കമ്മിഷന്റെ രൂപീകരണം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രം പതിനൊന്നാം ധനകാര്യ കമ്മിഷൻ രൂപീകരിച്ച വിവരം സംസ്ഥാന സർക്കാരിനെ അറിയിക്കുകയുണ്ടായോ;

(ബി) എങ്കിൽ ആരെല്ലാമാണ് അതിലെ അംഗങ്ങൾ എന്ന് വ്യക്തമാക്കുമോ:

(സി) പതിനൊന്നാം ധനകാര്യ കമ്മിഷന്റെ ടേംസ് ഓഫ് റെഫറൻസിലെ മുഖ്യ ഇനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനങ്ങളുമായി ചർച്ചകൾ നടത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും അറിയിപ്പ് സംസ്ഥാന സർക്കാരിന് ലഭിക്കുകയുണ്ടായോ;

(ഇ) എങ്കിൽ കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിൽ കടന്നുകൂടിയിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ സമർപ്പിക്കുവാനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) അറിയിക്കുകയുണ്ടായി.

(ബി) പ്രൊഫ. എ.എം. ഖുസ്റോ (ചെയർമാൻ)
ശ്രീ. എൻ.ഡി. ജെയിൻ (മെമ്പർ)
ശ്രീ. ജെ.ഡി. ജെറ്റ്ലി (മെമ്പർ)
ഡോ. അമരേഷ് ബാഗ് ചി.(മെമ്പർ)

ശ്രീ. ടി.എൻ. ശ്രീവാസ്തവ, ഐ.എ.എസ്സ്. (മെമ്പർ സെക്രട്ടറി) എന്നിവരാണ് പതിനൊന്നാം ധനകാര്യ കമ്മിഷൻ അംഗങ്ങൾ.

(സി) പതിനൊന്നാം ധനകാര്യ കമ്മിഷന്റെ ടേംസ് ഓഫ് റെഫറൻസിലെ മുഖ്യ ഇനങ്ങൾ താഴെ പറയുന്നവയാണ്.

(1) ഭരണഘടനയുടെ 12-ാം ഭാഗം ഒന്നാം അദ്ധ്യായ പ്രകാരം കേന്ദ്രവും സംസ്ഥാനവും തമ്മിൽ വിഭജിക്കേണ്ടതോ വിഭജിക്കാവുന്നതോ ആയ തനി നികുതി വരുമാനത്തിന്റെ വിതരണവും ടി വരുമാനത്തിന്റെ സംസ്ഥാനങ്ങൾക്കുള്ള വിഹിതം തിട്ടപ്പെടുത്തലും.

LIBRARY ARCHIVES Kerala Legislative Assembly

(2) ഭരണ ഘടനയുടെ 275-ാം വകുപ്പ് ഒന്നാം ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾക്കല്ലാതെ സഹായധനമാവശ്യമുള്ള ഏതൊക്കെ സംസ്ഥാനങ്ങളുണ്ടോ അവയ്ക്ക് കേന്ദ്രത്തിന്റെ സഞ്ചിതനിധിയിൽനിന്നും സഹായധനം നിശ്ചയിക്കാനുള്ള മാനദണ്ഡങ്ങളും, ലഭിക്കാൻ അർഹമായ തുകയും.

(3) സംസ്ഥാന ധനകാര്യ കമ്മിഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളുടെ സാമ്പത്തിക വിഭവങ്ങൾ കൂട്ടുന്നതിലേക്കായി സംസ്ഥാന സഞ്ചിതനിധിയിലേക്കുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സ്വീകരിക്കേണ്ട നടപടികൾ.

(4) സംസ്ഥാന ധനകാര്യ കമ്മിഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റികളുടെ സാമ്പത്തിക വിഭവശേഷി മെച്ചപ്പെടുത്തുന്നതിലേക്കായി സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിലേക്കുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ.

(5) കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും ധനസ്ഥിതിയെ സംബന്ധിച്ച് കമ്മിഷൻ പുനരവലോകനം നടത്തുകയും മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിരത നിലനിർത്തുന്നതിനും ബഡ്ജറ്ററി സന്തുലിതാവസ്ഥ പുനഃസ്ഥാപിക്കുന്നതിനും വേണ്ടി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഒറ്റയ്ക്കും കൂട്ടായും സ്വീകരിക്കേണ്ട നടപടികൾ നിർദ്ദേശിക്കുക.

(6) ശുപാർശകൾ ചെയ്യുമ്പോൾ കമ്മിഷൻ മറ്റു പരിഗണനകൾക്കൊപ്പം താഴെപ്പറയുന്ന കാര്യങ്ങൾ കണക്കിലെടുക്കേണ്ടതാണ്:-

(i) കേന്ദ്രസർക്കാരിന്റെ വിഭവശേഷിയും പൊതുഭരണം, രാജ്യരക്ഷ, അതിർത്തി സംരക്ഷണം, കടം തിരിച്ചടയ്ക്കൽ, മറ്റു ഒഴിച്ചു കൂടാനാവാത്ത ചെലവുകൾ/ബാധ്യതകൾ എന്നിവ ഉൾപ്പെടെ ടി വിഭവശേഖരത്തിൽ നിന്നും നിർബന്ധമായും ചെലവിടേണ്ട ഇനങ്ങൾ.

(ii) 1998-99-ൽ എത്താവുന്ന നികുതി നിലവാരത്തിന്റെയും പദ്ധതിക്കുവേണ്ടി നിശ്ചയിച്ചിട്ടുള്ള അധിക വിഭവ സമാഹരണത്തിന്റെയും അധിക നികുതി ചുമത്തലിനുള്ള ശേഷിയുടെയും അടിസ്ഥാനത്തിൽ 1.4.2000 മുതൽ അഞ്ചുവർഷത്തേയ്ക്ക് സംസ്ഥാനങ്ങളുടെ റവന്യൂവരുമാനം.

(iii) മൂലധന നിക്ഷേപത്തിനും സാമ്പത്തിക കമ്മി കുറയ്ക്കുന്നതിലേക്കുമായി മിച്ചം സ്വരൂപിക്കണമെന്നാവശ്യം മുൻനിർത്തി സംസ്ഥാനങ്ങളുടെ പദ്ധതി-പദ്ധതിയേതര റവന്യൂ ചെലവുകൾ സംബന്ധിച്ച ആവശ്യങ്ങൾ.

(iv) 31.3.2000-ത്തോടെ പൂർത്തീകരിക്കുന്ന പദ്ധതികളും, മൂലധന ആസ്തികളും സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും പുറമേ അവയുടെ സംരക്ഷണ ചെലവുകൾ സംബന്ധിച്ചും മൂലധന ആസ്തികൾ സംരക്ഷിക്കുന്നതിനാവശ്യമായ നിശ്ചിത തുക ശുപാർശചെയ്യേണ്ട മാനദണ്ഡവും അത്തരം ചെലവിനങ്ങളുടെ മേൽനോട്ടം വഹിക്കുന്ന രീതിയും.

(v) ഭരണ സംവിധാനത്തിന്റെ വേഗതയും കാര്യക്ഷമതയും ശക്തമായ സാമ്പത്തിക മാനേജ്മെന്റും ലാക്കാക്കി സംസ്ഥാനങ്ങളുടെ പ്രത്യേകിച്ച് പിന്നോക്കം നിൽക്കുന്നവയുടെ ഭരണ സംവിധാനം നവീകരിക്കുന്നതിനും യുക്തിസഹമാക്കുന്നതിനും വികസനേതര സാമൂഹ്യമേഖലകളുടെയും സേവനമേഖലകളുടെയും നിലവാരം ഉയർത്തുന്നതിനും സംബന്ധിച്ച ആവശ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(vi) ജലസേചന പദ്ധതികൾ, വൈദ്യുത പദ്ധതികൾ, സംസ്ഥാന ഗതാഗത സംരംഭങ്ങൾ, വകുപ്പ്തല വാണിജ്യസംരംഭങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ മുതലായവയിലെ നിക്ഷേപങ്ങളിൽനിന്നും ന്യായമായ ആദായം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത.

(vii) യഥാർത്ഥ വർദ്ധനവിനേക്കാളുപരി, കമ്മിഷൻ ഉചിതമെന്നു കരുതുന്ന തീയതിയിൽ വസ്തുനിഷ്ഠമായ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി എയ്ഡഡ് സ്ഥാപനങ്ങളിലെ ജീവനക്കാരടക്കം സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ന്യായമായും നൽകേണ്ട ശമ്പളത്തിനും ആനുകൂല്യങ്ങൾക്കും വേണ്ടിവരുന്ന തുക.

(viii) നികുതിയും നികുതിയേതര വരുമാനങ്ങളും മികച്ച രീതിയിൽ പിരിച്ചെടുക്കുന്നതിനു നൽകേണ്ടിവരുന്ന പാരിതോഷികങ്ങളുൾപ്പെടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ചെലവുചുരുക്കുന്നതിനുമാവശ്യമായ മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റിന്റെ സാദ്ധ്യത.

(7) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെപ്പറ്റി:

(എ) സംസ്ഥാന ധനകാര്യ കമ്മിഷനുകളുടെ ശുപാർശകൾ കമ്മിഷൻ കണക്കിലെടുക്കേണ്ടതാണ്.

(ബി) എന്നാൽ സംസ്ഥാന കമ്മിഷനുകൾ രൂപീകരിക്കപ്പെട്ടിട്ടില്ലാത്തതോ അവയുടെ ശുപാർശകളടങ്ങുന്ന റിപ്പോർട്ട് സമർപ്പിക്കാത്തതോ ആയ സംസ്ഥാനങ്ങളുടെ കാര്യത്തിൽ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വിഭവശേഷി മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്തിന്റെ സഞ്ചിത നിധി എങ്ങനെ എത്രമാത്രം വർദ്ധിപ്പിക്കണമെന്നകാര്യത്തിൽ കമ്മിഷൻ തന്നെ ആവശ്യമായ നിഗമനത്തിൽ എത്തിച്ചേരേണ്ടതാണ്. അത്തരം നിഗമനത്തിൽ എത്തിച്ചേരുമ്പോൾ കമ്മിഷൻ താഴെപ്പറയുന്ന കാര്യങ്ങൾകൂടി കണക്കിലെടുക്കേണ്ടതാണ്.

(1) അദ്ധ്യാപകരുൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിനും പെൻഷനാനുകൂല്യങ്ങൾക്കും വേണ്ടിവരുന്ന തുക.

(2) വിഭവ സമാഹരണത്തിൽ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നിലവിലുള്ള അധികാരങ്ങളും അധിക നികുതി ഈടാക്കുന്നതിനുള്ള അധികാരങ്ങളും.

(3) ഭരണഘടനയുടെ 243 ജി, 243 ഡബ്ല്യൂ എന്നീ വകുപ്പുകൾ, പതിനൊന്നും പന്ത്രണ്ടും ഷെഡ്യൂളുകൾ എന്നിവപ്രകാരം പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കൈമാറ്റം ചെയ്തിരിക്കുന്ന അധികാരങ്ങളും ചുമതലകളും.

(8) താഴെപ്പറയുന്ന കാര്യങ്ങളിൽ വിതരണത്തെ സംബന്ധിച്ച മാനദണ്ഡങ്ങൾക്ക് ആവശ്യമെന്നു കണ്ടാൽ കമ്മിഷനു ഭേദഗതി നിർദ്ദേശിക്കാവുന്നതാണ്.

(എ) 1957-ലെ അധിക എക്സൈസ് തീരുവ ആക്ട് (1957-ലെ 58-ാം ആക്ട്) പ്രകാരം മുമ്പ് സംസ്ഥാനങ്ങൾ ചുമത്തിയിരുന്ന വില്പന നികുതിക്കു പകരം ചുമത്താവുന്ന അധിക തീരുവയിനത്തിൽ ഏതെങ്കിലും ഒരു സാമ്പത്തിക വർഷം ലഭിക്കുന്ന തനിവരുമാനം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1957-ലെ റദ്ദാക്കപ്പെട്ട റയിൽവേ യാത്ര നിരക്കിൻമേലുള്ള നികുതി നിയമം (1957-ലെ 25-ാം നിയമം) അനുസരിച്ച് ഈടാക്കിയിരുന്ന നികുതിക്കു പകരമായി സംസ്ഥാനങ്ങൾക്കു നൽകേണ്ട ഗ്രാന്റ്.

(9) മുകളിൽ പറഞ്ഞിരിക്കുന്ന വിവിധയിനങ്ങളിൽ കമ്മിഷൻ ശുപാർശ നടത്തുമ്പോൾ നികുതികൾ, തീരുവകൾ, ഗ്രാന്റ് ഇൻ-എയ്ഡ് എന്നിവയുടെ കൈമാറ്റം സംബന്ധിച്ച് പരിഗണിക്കുന്ന ഒരു ഘടകം ജനസംഖ്യയായി നിജപ്പെടുത്തിയിട്ടുള്ള ഘട്ടങ്ങളിൽ 1971-ലെ ജനസംഖ്യാസ്ഥിതി വിവരക്കണക്കുകൾ കണക്കിലെടുക്കേണ്ടതാണ്.

(10) 1999 മാർച്ച് 31-ാം തീയതിയിലെ സംസ്ഥാനങ്ങളുടെ ഋണബാദ്ധ്യതയെപ്പറ്റി കമ്മിഷൻ പഠിക്കുകയും കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും സ്ഥായിയായ നിലനിൽപ്പ് കണക്കിലെടുത്ത് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യേണ്ടതാണ്.

(11) പ്രകൃതിക്ഷോഭ സമാശ്വാസ ഫണ്ടിന്റെ നിലവിലുള്ള പദ്ധതി കമ്മിഷന്റെ പുനഃപരിശോധനയ്ക്കു വിധേയമാക്കാവുന്നതും അതെപ്പറ്റി ഉചിതമായ ശുപാർശകൾ നൽകാവുന്നതുമാണ്.

(12) 2000 ഏപ്രിൽ ഒന്നാം തീയതി മുതലുള്ള അഞ്ചു വർഷക്കാലയളവിനെ സംബന്ധിച്ച് മുകളിൽ പറയുന്ന ഓരോ ഇനത്തേയും പറ്റിയുള്ള റിപ്പോർട്ട് 1999 ഡിസംബർ 31-ാം തീയതിയോടുകൂടി കമ്മിഷൻ നൽകേണ്ടതാണ്.

(13) തീരുമാനങ്ങളിൽ എത്തിച്ചേർന്നത് എന്തടിസ്ഥാനത്തിലാണെന്നു കമ്മിഷൻ വ്യക്തമാക്കുകയും സംസ്ഥാനം തിരിച്ചുള്ള വരവുചെലവിനെ സംബന്ധിച്ച എസ്റ്റിമേറ്റുകൾ തയ്യാറാക്കി നൽകുകയും ചെയ്യേണ്ടതാണ്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

103 (1463) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ മോഷണം

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രിയിൽ നിന്നും നൂൽ മോഷണം പോയത് സംബന്ധിച്ചുള്ള അന്വേഷണം പൂർത്തിയായോ;

(ബി) ഈ സംഭവത്തിൽ കുറ്റവാളികൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) കുറ്റവാളികളുടെമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ) അന്വേഷണം തുടർന്നുവരുന്നു.

(ബി) കെ.ജി. തോമസ്, ലൈല, ഫാത്തിമമേരി, വിജയൻ എന്നിവർ പ്രതികളാണ്.

LIBRARY ARCHIVES Kerala Legislative Assembly